ഇറയം റിസർച്ച് ജേർണൽ

May-August 2023 Volume VII Issue 2

# സമകാലിക ദലിത് രാഷ്ട്രീയവും ആശാൻ കവിതകളിലെ ജാതിസമീപനവും

ഡോ. എസ്. ഗോപു

**പ്രബന്ധസംഗ്രഹം**

മനുഷ്യസ്നേഹദർശനം അവതരിപ്പിച്ച കവി എന്ന നിലയിൽ കൂടിയാണ് കുമാരനാശാൻ കവിതാസാഹിത്യ ചരിത്രത്തിൽ വിശകലനംചെയ്യപ്പെട്ടത്. കുമാരനാശാന്റെ കവിതകളുടെ രാഷ്ട്രീയം പലതരം സംവാദങ്ങളിലൂടെ കടന്നുപോയിട്ടുണ്ട്. ജാതിയുടെ മനുഷ്യവിരുദ്ധതയെ കവിതയിലും ജീവിതത്തിലും ആശാൻ ഒരുപോലെ ചോദ്യംചെയ്തു എന്നതിൽ തർക്കമില്ല. ദലിത് സാഹിത്യം എന്ന നിലയിൽ ഇന്ന് നാം വ്യവഹരിക്കുന്ന കൃതികളിലേതിനു സമാനമല്ല ആശാൻ കവിതകളിലെ ദലിത് ജീവിതാവിഷ്കാരം. ദലിതരുടെ കണ്ണിലൂടെ ചരിത്രത്തെയും വർത്തമാനത്തെയും നോക്കിക്കാണുന്ന നില ആശാൻ കവിതകളിലില്ല. ദലിത് രാഷ്ട്രീയത്തിന്റെ സമകാലികമായ വായനകളുടെ പശ്ചാത്തലത്തിൽ ആശാൻ കവിതകളിലെ ദലിത് സ്വത്വത്തെ പരിശോധിക്കാനുള്ള ശ്രമമാണ് ഈ പഠനം.

**താക്കോൽ വാക്കുകൾ :**

ദലിത് രാഷ്ട്രീയം, സ്വത്വം, ജാതിവിവേചനം, മലയാളകവിത

**ആമുഖം**

കുമാരനാശാന്റെ കവിതകളുടെ രാഷ്ട്രീയം മാനവികതയുടെ വിശാലമായ പ്രതലത്തിലാണ് നിലകൊള്ളുന്നത്. 'സ്നേഹഗായകൻ' എന്നദ്ദേഹം വിളിക്കപ്പെട്ടത് മനുഷ്യസ്നേഹദർശനം അവതരിപ്പിച്ച കവി എന്ന നിലയിൽകൂടിയാണ്. ജാതിയുടെ

മനുഷ്യവിരുദ്ധതയെ കവിതയിലും ജീവിതത്തിലും ആശാൻ ഒരുപോലെ ചോദ്യംചെയ്തു. ജാതിവിവേചന വിരുദ്ധതയാണ് ആശാന്റെ കവിതകളിലെ ദലിത് രാഷ്ട്രീയം. ദലിത് സാഹിത്യം എന്ന നിലയിൽ ഇന്ന് നാം വ്യവഹരിക്കുന്ന കൃതികളിലേതിനു സമാനമല്ല ആശാൻ കവിതകളിലെ ദലിത് ജീവിതാവിഷ്കാരം. ദലിതരുടെ കണ്ണിലൂടെ ചരിത്രത്തെയും വർത്തമാനത്തെയും നോക്കിക്കാണുന്ന നില ആശാൻ കവിതകളിലില്ല. സവർണ്ണകേന്ദ്രിതമായ ഹിന്ദുമതത്തെ അടിമുടി നവീകരിക്കുക കുമാരനാശാന്റെ ലക്ഷ്യമായിരുന്നില്ല; ജാതിഭേദം മൂലം ഉടലെടുത്ത അസമത്വത്തെ ഉന്മൂലം ചെയ്യാൻ പാകത്തിൽ ഹിന്ദുമതത്തിലുണ്ടാകേണ്ട മാറ്റമാണ് അദ്ദേഹം ലക്ഷ്യം വെച്ചത്. ജാതിവിവേചനത്തിന്റെയും അയിത്താചാരങ്ങളുടെയുംം പിന്നിൽ പ്രവർത്തിക്കുന്ന സവർണ്ണ പ്രത്യയശാസ്ത്രത്തെ ശക്തിയുക്തം എതിർക്കുമ്പോഴും ജാതിസ്വത്വത്തെ ആശാൻ നിരാകരിച്ചിരുന്നില്ല. എന്നാൽ ആശാൻ കൈവിടാതിരുന്ന ജാതിസ്വത്വം സമകാലിക ദലിത് ചിന്തകൾ മുന്നോട്ടുവെക്കുന്ന സ്വത്വരാഷ്ട്രീയത്തിന്റെ തലത്തിൽ നിൽക്കുന്നതുമല്ല. ഇത്തരമൊരു വൈരുദ്ധ്യത്തെ ഉൾക്കൊണ്ടു കൊണ്ടാവണം പുതിയ കാലത്ത് ആശാൻ കവിതയിലെ ദലിത് രാഷ്ട്രീയപാഠങ്ങൾ അന്വേഷിക്കേണ്ടത്.

**സമുദായപരിഷ്കരണവും സവർണഭാവനയും**

ജാതിയിലെ സവർണ്ണമേൽക്കോയ്മയെ നിരാകരിക്കുമ്പോഴും ബ്രാഹ്മണ്യത്തിന്റെ ശുദ്ധിസങ്കല്പങ്ങൾ ആശാന്റെ ജാതിപരിഷ്കരണ ബോധ്യങ്ങളിൽ ഇടപെടുന്നത് കാണാം. 'ദുരവസ്ഥ'യിൽ സാവിത്രി പുലയി ആകാൻ തീരുമാനിച്ച ശേഷം ചാത്തന്റെ കുലത്തെ/ആചാരങ്ങളെ പരിഷ്കരിക്കുന്നതിനെക്കുറിച്ച് ചിന്തിക്കുന്നത് ഇങ്ങനെയാണ്:

*"അങ്ങനെ സംസ്കരിക്കും ഞാനവനുള്ളിൽ*

*മങ്ങിയെഴുന്ന മതബോധങ്ങൾ*

*ഞങ്ങൾ പുലയർക്കുള്ളാരാധനകളെ*

*ഭംഗിയായ് പിന്നെ പരിഷ്കരിക്കും."-* ഈ പരിഷ്കാരം സവർണ്ണ വിശ്വാസ/ ആരാധനാ രീതികളുമായി ബന്ധപ്പെട്ടതാണ്. പുലയരുടെ വിശ്വാസപരമായ സ്വത്വത്തിൽ നിന്നുള്ള മാറി നടപ്പാണ് സാവിത്രി വിഭാവനം ചെയ്യുന്നത്. സവർണ്ണതയോടുള്ള ഈ താദാത്മ്യം സ്വത്വനിരാസമാണ് എന്ന മട്ടിലുള്ള ചിന്ത ആശാനിൽ പ്രബലമല്ല. പുലയ ആത്മീയജീവിതത്തിന്റെ ഭാഗമായ യക്ഷിയും പേയുമൊക്കെ സാവിത്രിയുടെ കണ്ണിൽ 'പ്രാകൃത'മാണ്. കേവലമായ കഥാപാത്രപക്ഷത്തിനപ്പുറം ആശാനിലെ മതപരിഷ്കരണവാദിയുടെ നിലപാടാണിത്. *'താണജാതിക്കാർ സകല വിഷയങ്ങളിലും ഉയർന്ന ജാതിക്കാരെ അനുകരിച്ച് പ്രവർത്തിച്ച് ക്രമേണ ഉയർന്ന നിലയെ പ്രാപിക്കേണ്ടതാണെന്ന വരുന്ന*(കുമരനാശാൻ 1982:119) എന്ന് ആശാൻതന്നെ എഴുതിയിട്ടുണ്ട്. ചാത്തനിൽ തനിക്കുണ്ടാകുന്ന കിടാങ്ങളിലൂടെ അവന്റെ വംശം പരിഷ്കരിക്കപ്പെട്ടുമെങ്കിൽ,

*"എന്നെയധഃപതിപ്പിച്ച വിധേ! നിന്റെ-*

*യുന്നമിതെങ്കിൽ ഞാൻ ധന്യയായി"*

എന്നഭിമാനിക്കുന്ന സാവിത്രിയെ കവി അഭിവാദ്യം ചെയ്യുന്നത് ഇങ്ങനെയാണ്:

*"സ്വന്തഗുണവും മഹിമയും സ്നേഹത്താൽ*

*ഹന്ത! നീ വിസ്മരിക്കുന്നെന്നല്ല,*

*തന്നെത്താൻ താണിന്ന താഴ്ന്ന ലക്ഷങ്ങളെ-*

*യുന്നമിപ്പിപ്പാനും മോഹിക്കുന്നു."*

ഇത്തരം സന്ദർഭങ്ങളിലെല്ലാം ജാതിശ്രേണിയിലെ താഴ്ന്ന ജാതിസ്വത്വത്തെ ഉയർന്ന ജാതിസ്വത്വം കൊണ്ട് പരിഷ്ക്കരിക്കാനുള്ള ത്വര പ്രകടമായി കാണാം. ഇന്ന് ദളിത് ചിന്തയും സാഹിത്യവും കീഴാളസ്വത്വത്തെ രാഷ്ട്രീയമായി അടയാളപ്പെടുത്തുകയും ബ്രാഹ്മണവത്ക്കരണത്തെ ചെറുക്കാനുള്ള പ്രതിരോധഘടകമായി ദലിതരുടെ തനതുജീവിതത്തെ പരിചരിക്കുകയും ചെയ്യുന്നു. ആശാനിൽ ഇത്തരമൊരു സമീപനം ദർശനസാധ്യമല്ല. മതപരിഷ്കരണത്തിന്റെ ഉപാധിയായി ജാതിസമത്വത്തെ കാണുന്ന ആശാൻ ജാതിപരിഷ്കരണോപാധിയായി കണ്ടത് ബ്രാഹ്മണിക്കൽ ഹിന്ദുമതത്തിന്റെ

സവിശേഷമാതൃകകളെയാണ്. ജാതിവിരുദ്ധതയെക്കാൾ ജാതിപരിഷ്കരണത്തിന് പ്രാമുഖ്യം ലഭിച്ച കേരളീയ നവോത്ഥാനത്തിന്റെ പൊതുസ്വഭാവമാണിത്. 'കീഴ്ജാതികളുടെ ആത്മാഭിമാനപരമായ സ്വത്വരൂപീകരണം എന്ന ആശയം കേരളീയ നവോത്ഥാനത്തിന്റെ ഭാഗമായിരുന്നില്ല'(പ്രദീപൻ പാമ്പിരിക്കുന്ന് 2017: 63).

'ചണ്ഡാലഭിക്ഷുകി'യിലെ ബുദ്ധന്റെ പാത്രനിർമ്മിതിയും ഇന്നത്തെ ദലിത് ചിന്തകളുടെ പശ്ചാത്തലത്തിൽ നോക്കുമ്പോൾ പ്രശ്നഭരിതമാണ്. 'ചണ്ഡാലഭിക്ഷുകിയിലെ ബുദ്ധന് സാദൃശ്യമുള്ളത് നവോത്ഥാനകാല ഹിന്ദു പുരോഗമനവാദിയോടാണ്. വേദങ്ങളുടെ ആധികാരികത നിരാകരിക്കുകയും യജ്ഞത്തെ മതരൂപമെന്ന നിലയിൽ അപലപിക്കുകയും ഹിന്ദുമതത്തിന് രാഷ്ട്രീയബദൽ സൃഷ്ടിക്കുകയും ചെയ്ത ബുദ്ധനല്ല ചണ്ഡാലഭിക്ഷുകിയിലേത്' (ഡോ. കെ. കെ ശിവദാസ് 2012: 43). മാതംഗിയുടെ കർത്ൃത്വം കൃതിയിൽ പരിമിതപ്പെട്ടു പോയതിലും ചാത്തന്റെ ആത്മഗതമായി 'ദുരവസ്ഥ' വിഭാവനം ചെയ്യാൻ സാധിക്കാതിരുന്നതിലും ആശാന്റെ സമീപനത്തിലെ ഈ വൈരുദ്ധ്യങ്ങൾ കാരണമാകുന്നുണ്ട്.

*"പറക പണിയിരുട്ടു പെറ്റതാകം*

*പറയനിവൻ സ്വയമെന്തു വിദ്യയാലോ*

*മറയവരുടെ മണ്ടയിൽ കരേറി-*

*ക്കുറകൾ പറഞ്ഞു മുടിച്ചു കേരളത്തെ"* എന്ന മട്ടിൽ ജാതിരാക്ഷസനെ 'കുരിരുട്ടുപെറ്റ പറയനായി' 'സിംഹനാദ'ത്തിൽ വിശേഷിപ്പിക്കുമ്പോഴും കീഴ്ജാതി സ്വത്വത്തോടുള്ള അവമതിപ്പ് ആശാന്റെ ഭാഷയിൽ പ്രകടമാകുന്നു. ദലിത് സ്വത്വത്തെ ചരിത്രപരമായി മനസിലാക്കുന്നതിനും സവർണ്ണതയ്ക്കു ബദലായ ജ്ഞാനവ്യവസ്ഥയായി ഉൾക്കൊള്ളുന്നതിനും ആശാൻ കവിത ശ്രമിച്ചിട്ടില്ല എന്നതാണിതിനു കാരണം.

**ദലിത് രാഷ്ട്രീയത്തിന്റെ അടരുകൾ**

ജാതിവിവേചനവിരുദ്ധതയിലാണ് ആശാൻ കവിതയിലെ ദലിത് രാഷ്ട്രീയത്തിന്റെ അടരുകൾ കാണാനാവുക. ജാതിയല്ല, ജാതിയുടെ പേരിലുള്ള

അസമത്വങ്ങളാണ് ആശാനിലെ വ്യക്തിക്കും കവിക്കും അസ്വീകാര്യമായത്. ജാതിസമത്വം അനിവാര്യമായ നീതിയാണ് എന്ന് വിശ്വസിച്ച ആശാൻ അക്കാര്യത്തിൽ ബ്രാഹ്മണ്യത്തോട് വിട്ടുവീഴ്ച ചെയ്തില്ല.

*"അന്തണനെച്ചമച്ചുള്ളൊരു കൈയല്ലോ*

*ഹന്ത നിർമ്മിച്ചു ചെറുമനേയും"* എന്ന് 'ദുരവസ്ഥ'യിൽ എഴുതുമ്പോൾ ജന്മനാ സിദ്ധമാകുന്നതെന്ന കരുതപ്പെട്ട ജാതിമഹത്വത്തിന്റെ ശിരസ്സിലാണ് ആശാൻ ആഞ്ഞു പ്രഹരിച്ചത്. ഈശ്വരന്റെ സൃഷ്ടിയാണ് എല്ലാ മനുഷ്യരുമെന്ന മതവിശ്വാസത്തെ മുൻനിർത്തിയാണ് ഈ പ്രതിരോധസ്വരം. ഈശ്വരനെ മുൻനിർത്തുന്ന കവിശബ്ദം 'ദുരവസ്ഥ'യുടെ അവസാനഭാഗത്ത് സമതയുടെ ഉദ്യാനകല്പനയായി വികസിക്കുന്നു. വിവിധ വർണ്ണങ്ങളും നിരവധി ഗന്ധങ്ങളും നിറഞ്ഞ പലമയുടെ പൂന്തോട്ടമായി സമൂഹം മാറണമെന്ന് ആഗ്രഹിക്കുന്ന കവി ഈശ്വരനയമായി തന്റെ ദർശനം അവതരിപ്പിക്കുന്നു.

*"തമ്മിൽ കലർന്നാൽ ഗുണമേറും പൂക്കളെ*

*സമ്മേളിപ്പിപ്പിൻ സരസമായി*

*സമ്മോദമാമതദേവനായശ്ചര്യ-*

*നിർമ്മാപകന്റെ നയമതല്ലോ?"*

ജാതിയുടെയോ മതത്തിന്റെയോ അടയാളങ്ങളില്ലാത്ത മനുഷ്യനെന്ന ജീവിയുടെ സ്വത്വത്തെ മുൻനിറുത്തിയാണ് ചില സന്ദർഭങ്ങളിൽ ആശാൻ തന്റെ സമത്വദർശനം പ്രകടമാകുന്നത്.

*"ചണ്ഡാലിതൻമെയ് ദ്വിജന്റെ-*

*ബീജ പിണ്ഡത്തിനൂഷരമാണോ?"* എന്ന 'ചണ്ഡാലഭിക്ഷുകി'യിലെ ബുദ്ധന്റെ ചോദ്യം ജീവികൾ എന്ന നിലയിൽ മനുഷ്യരാകെ ഒന്നാണെന്നും അസ്പൃശ്യത ജീവശാസ്ത്രപരമായി യുക്തിരഹിതമാണെന്നുമുള്ള തീർപ്പു പറച്ചിലാണ്.

ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരായ ദേശീയസമര കാലത്ത് സ്വരാജ്യമെന്ന സ്വപ്നത്തിനുപോലും വിഘാതമായി നില്ക്കുന്ന ഘടകമായി ആശാൻ ജാതിയുടെ

പേരിലുള്ള അസമത്വത്തെ അവതരിപ്പിച്ചു. വിശാലമായ ദേശീയതാത്പര്യങ്ങളെ മുൻനിർത്തുന്ന വൈകാരികമായ ഭാഷാസ്വരൂപമായി ഈ സന്ദർഭത്തിൽ ആശാൻ കവിത മാറുന്നു.

*"എന്തിന്നു ഭാരതധരേ! കരയുന്നു? പാര-*

*തന്ത്ര്യം നിനക്കു വിധികല്പിതമാണു തായേ,*

*ചിന്തിക്ക, ജാതിമദിരാന്ധ, രടിച്ചു തമ്മി-*

*ലന്തപ്പെട്ടും തനയ, രെന്തിനയേ 'സ്വരാജ്യം'?"* (തീയക്കുട്ടിയുടെ വിചാരം)

ജാതീയമായ അസമത്വത്തിനു മുന്നിൽ സ്വാതന്ത്ര്യം പോലും അർത്ഥരഹിതമാണ് എന്ന് ആശാൻ കരുതി.

'സിംഹനാദ'ത്തിലെ യുവാക്കളോടുള്ള ആഹ്വാനം 'ദുരവസ്ഥ'യിലെത്തുമ്പോൾ

*"മാറ്റുവിൻ ചട്ടങ്ങളെ സ്വയ,മല്ലെങ്കിൽ*

*മാറ്റമതുകളീ നിങ്ങളെത്താൻ"* എന്ന മട്ടിൽ ബ്രാഹ്മണ്യത്തിനുള്ള മുന്നറിയിപ്പായി മാറുന്നു. സ്വയം നവീകരിക്കാനുള്ള നിർദ്ദേശവും അല്ലാത്തപക്ഷം ഉണ്ടായേക്കാവുന്ന ദുരന്തത്തെക്കുറിച്ചുള്ള സൂചനയും തിരിച്ചറിയാത്ത സവർണ്ണാധികാരത്തോട് പരിഹാസത്തിന്റെയും ആക്ഷേപത്തിന്റെയും സ്വരമുയർത്താനും ആശാൻ മടിക്കുന്നില്ല. 'ചണ്ഡാലഭിക്ഷുകി'യിൽ ബിംബിസാരനോട് ബുദ്ധൻ നടത്തുന്ന വർത്തമാനം ഒരു ഘട്ടത്തിൽ ഈ നിലയിലേക്ക് മാറുന്നുണ്ട്.

*"ഇന്നലെച്ചെയ്തോരബദ്ധം മൂഢർ-*

*ക്കിന്നത്തെയാചാരമാവാം*

*നാളത്തെശ്ശാസ്ത്രമതാവാം അതിൽ*

*മൂളായ്ക സമ്മതം രാജൻ!"*

സ്ത്രീ-പുരുഷ ബന്ധത്തെയും പ്രണയത്തെയും ആദർശാത്മകമായി ആവിഷ്ക്കരിക്കുന്ന ആശാന്റെ പ്രണയഭാവനയുടെ വൈയക്തികവും കാല്പനികവുമായ തലമാണ് 'നളിനി'യും 'ലീല'യും പോലുള്ള കാവ്യങ്ങൾ പങ്കിടുന്നത്. ഈ പ്രണയഭാവന സാമൂഹികമായ മാനങ്ങളിലേക്ക് വികസിക്കുമ്പോഴാണ് ആശാന്റെ സ്നേഹദർശനം

രാഷ്ട്രീയബോധ്യമാർജിക്കുന്നത്. ചാത്തനെ കിടക്കപ്പായിലേക്ക് ക്ഷണിക്കുന്ന സാവിത്രിയും ആനന്ദനെ പിന്തുടർന്ന് വീട്ടുവിട്ടിറങ്ങുന്ന മാതംഗിയും ഈ പരിണാമത്തെ അടയാളപ്പെടുത്തുന്നു. 'മാംസനിബദ്ധമല്ല രാഗം' എന്ന ആദർശാത്മകഭാവന, 'സ്നേഹം നരകത്തിൻ ദ്വീപിൽ സ്വർഗ ഗേഹം പണിയും പടുത്വം' എന്ന മട്ടിൽ സാമൂഹികമാകുന്നു. സ്നേഹത്തെ ജാതീയമായ അസമത്വത്തിനെതിരായ സാമൂഹിക- രാഷ്ട്രീയായുധമായി പരിവർത്തിപ്പിച്ച എന്നതാണ് ആശാൻ നയിച്ച വിപ്ലവം. ദലിത് സാഹിത്യത്തിന്/ രാഷ്ട്രീയത്തിന് ആശാന്റെ സംഭാവന ഇതാണ്.

**ഉപസംഹാരം**

സമകാലിക ദലിത് സ്വത്വരാഷ്ട്രീയ ചിന്തകൾ പങ്കുവെക്കുന്ന തരത്തിലുള്ള ജാതി വിമോചനമോ സമുദായപരിഷ്കരണമോ അല്ല കുമാരനാശാൻ കവിതകളിൽ കാണുക. അടിസ്ഥാനപരമായ സവർണതയ്ക്ക് എതിരെയാണെങ്കിലും ദലിത് സമൂഹ ഉന്നമനം സവർണത നിർണയിച്ച വഴികളിലൂടെയാണ് സംഭവിക്കേണ്ടത് എന്ന് അദ്ദേഹവും കരുതി. അതേസമയം ജാതിയുടെ മനുഷ്യവിരുദ്ധതയെ കവിതയിലും ജീവിതത്തിലും ആശാൻ ഒരുപോലെ ചോദ്യംചെയ്തു. ജാതിവിരുദ്ധതയെക്കാൾ ജാതിപരിഷ്കരണത്തിന് പ്രാമുഖ്യം നൽകിയ കേരളീയ നവോത്ഥാനത്തിന്റെ പൊതുഭാവമാണ് അതിനു കാരണം. ഈശ്വരന്റെ സൃഷ്ടിയാണ് എല്ലാ മനുഷ്യരുമെന്ന മതവിശ്വാസത്തെ മുൻനിർത്തി അവതരിപ്പിച്ച മാനവികതയിലാണ് ആശാന്റെ ജാതിചിന്തകൾ ഊന്നിയത്. ആശാന്റെ പ്രണയകവിതകളുടെപോലും അടിസ്ഥാന ധാര ഈ മാനവികബോധമാണ്.

**സഹായകഗ്രന്ഥങ്ങൾ**

1.കുമാരനാശാൻ, കുമാരനാശാന്റെ ഗദ്യലേഖനങ്ങൾ(എഡി: എൻ. കെ ദാമോദരൻ), തോന്നയ്ക്കൽ കുമാരനാശാൻ സ്മാരക കമ്മിറ്റി, 1982

2.പ്രദീപൻ പാമ്പിരികുന്ന്(ഡോ.), ദലിത് പഠനം സ്വത്വം സംസ്കാരം സാഹിത്യം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2017

3.ശിവദാസ് കെ. കെ(ഡോ.), സംസ്കാരവും സാഹിത്യവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2012